# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1241 31.10.2019 ൽ മറുപടിക്ക്**

**റാന്നി ഇട്ടിയപ്പാറ ശബരിമല പിൽഗ്രിം സെന്റർ നിർമ്മാണം**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി ഇട്ടിയപ്പാറയിൽ ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര രൂപയാണ് പദ്ധതിയ്ക്കായി അനുവദിച്ചത്; | (എ) റാന്നി ഇട്ടിയപ്പാറയിൽ ശബരിമല പിൽഗ്രിം സെന്ററിന്റെ നിർമ്മാണം 10/10/2014-ൽ ആണ് ആരംഭിച്ചത്. ഈ പ്രവൃത്തിയുടെ ഭരണാനുമതി 16 കോടി രൂപയാണ്. |
| (ബി) ഈ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനായി ഇതിൽ നിന്നും എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; കെട്ടിടം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) ഈ പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 72.69 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് 15.45 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി എത്ര രൂപയ്ക്കാണ് ടെണ്ടർ ചെയ്തത്; ടെണ്ടർ ലഭിച്ചത് ആർക്കാണ്; തുക എത്രയായിരുന്നു എന്ന് അറിയിക്കുമോ; | (സി) 15.45 കോടി രൂപയ്ക്കാണ് ഈ പദ്ധതി ടെണ്ടർ ചെയ്തിരിക്കുന്നത്. റോജർ മാത്യു മൂവാറ്റുപുഴയ്ക്ക് 17.18 കോടി രൂപയ്ക്കാണ് ടെണ്ടർ അംഗീകാരം നൽകിയത്. |
| (ഡി) ഇതിന്റെ നിർമ്മാണം നിർത്തി വയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (ഡി) സമയബന്ധിതമായി പണി പൂർത്തീകരിക്കാത്തതുകൊണ്ട് കരാറുകാരനെ ഈ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയതിനാലാണ് പണി നിർത്തിവച്ചത്. |
| (ഇ) നിർമ്മാണം വീണ്ടും ടെണ്ടർ ചെയ്യാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) ബാലൻസ് ഷെഡ്യൂൾ തയ്യാറാക്കിവരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയതിനെതിരെ കേസ് ഫയൽ ചെയ്യുകയും, കേസ് തള്ളുകയും ചെയ്തിട്ടുള്ളതാണ്. കരാറുകാരൻ വീണ്ടും സർക്കാരിനെതിരെ കേസ് ഫയൽ ചെയ്യുകയും സർക്കാരിന്റെ ഭാഗത്തുനിന്നും അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്റെ വാദം നടന്നുകൊണ്ടിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ